# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.**

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 19/16, ചൊവ്വാഴ്ച** **തീയ്യതി 03.05.2016**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 36.3 മുതൽ 36.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 25.5 മുതൽ 27.2 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 78 മുതൽ 89 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 50 മുതൽ 58 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.8 മുതൽ 2.7 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 6.8 മുതൽ 10.0 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 4.6 മുതൽ 5.5 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 04.05.2016 | 05.05.2016 | 06.05.2016 | 07.05.2016 | 08.05.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 3 | 4 | 3 | 2 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 35 | 35 |
| കുറഞ്ഞ താപനില (°C) | 26 | 26 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 250 | 230 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (കൊയ്യാറായ ഘട്ടം) | കുമിൾ രോഗങ്ങൾ (കുലവാട്ടം, പോളരോഗം) | സ്യൂഡോമോണാസ്കൾച്ചർ ഏക്കറിന് 2.5 കിലോഗ്രാം എന്ന തോതിൽ ഉപയോഗിക്കുക. ധാരാളം ജൈവവളം ചേർക്കുക. രോഗം അധികമുള്ളിടത്ത് 1 മി.ല്ലി ഫ്ളൂസിലാസോൾ അല്ലെങ്കിൽ പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കുക. |
| തെങ്ങ് | കൊമ്പൻചെല്ലി | 250 ഗ്രാം വേപ്പിൻപിണ്ണാക്ക് പൊടിച്ചത് തുല്യ അളവ് മണലുമായി ചേർത്ത് നാമ്പോലയ്ക്കു ചുററുമുള്ള മൂന്നോ നാലോ ഓലപ്പട്ടയ്ക്കുള്ളിൽ നിറയ്ക്കുക. |
| വാഴ | മഞ്ഞളിപ്പ് (എർവീനിയ റോട്ട്) | വാഴയിൽ വ്യാപകമായി മഞ്ഞളിപ്പ് രോഗം കാണാൻ സാധ്യതയു ്. വാഴയുടെ കട പരിശോധിച്ച് എർവീനിയ റോട്ട് മൂലമുള്ള മഞ്ഞളിപ്പാണെന്ന് ഉറപ്പു വരികയാണെങ്കിൽ നിയന്ത്രണ മാർഗ്ഗമായി 25 ലിററർ വെള്ളത്തിൽ 25 ഗ്രാം കൊസൈഡും 6 ഗ്രാം സ്ട്രെപ്റേറാസൈക്ളിനും ലയിപ്പിച്ച് ഒരു വാഴക്ക് 5 ലിററർ എന്ന തോതിൽ തടത്തിൽ ഒഴിച്ചുകൊടുക്കുക. |
| പച്ചക്കറികൾ | മൊസേക്ക് | പച്ചക്കറികളിൽ മൊസേക്ക് രോഗം കാണുകയാണെങ്കിൽ ഡൈമിത്തോയേറ്റ് 0.05% തളിച്ച് രോഗം പരത്തുന്ന ചെറുപ്രാണികളെ നശിപ്പിക്കാം. രോഗം ബാധിച്ച ചെടികളും മറ്റ് ആതിഥേയ സസ്യങ്ങളും വേരോടെ പിഴുതു നശിപ്പിക്കണം. |